നം.സ്പോർട്സ്-2/28932/2019/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം.
തീയതി:26/09/2019.

# സർക്കുലർ

| | |
|---|---|
| വിഷയം: | പൊ.വി. - സ്പോർട്സ് - 2019-20 വർഷത്തെ സ്കൂൾ കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്. |
| സൂചന: | 27/08/2019 തീയതിയിലെ ഇതേ നമ്പർ സർക്കുലർ. |

2019-20 വർഷത്തെ സ്കൂൾ സ്പോർട് & ഗെയിംസ് മത്സരങ്ങൾ സമയബന്ധിതമായി നടത്തി, ഉപജില്ലാ, ജില്ലാ, സോണൽ, സംസ്ഥാന മത്സരങ്ങൾ പൂർത്തിയാക്കി കുട്ടികളെ ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് സൂചന പ്രകാരം അറിയിപ്പ് നൽകിയിരുന്നു. മത്സരങ്ങളുടെ സമയബന്ധിതമായ നടത്തിപ്പിന് വേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമയി പാലിക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

(1) സ്കൂൾ സ്പോർട്സ് & ഗെയിംസ് മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികളുടേയും ഓൺലൈൻ രജിസ്ട്രേഷൻ അതാത് സ്കൂളുകളിൽ ചെയ്യേണ്ടതാണ്. ഓരോ സ്കൂളിലെയും പ്രധാന അദ്ധ്യാപകൻ തന്റെ സ്കൂളിലെ കായിക അദ്ധ്യാപകനെയോ, മറ്റ് അദ്ധ്യാപകരെയോ ഉപയോഗിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കേണ്ടതാണ്. ഇതിന്റെ ഉത്തരവാദിത്വം അതാത് സ്കൂളിലെ പ്രധാന അദ്ധ്യാപകനായിരിക്കും.

(2) സംസ്ഥാനതല മത്സരങ്ങളുടെ കലണ്ടർ പ്രകാരം, നിശ്ചിത തീയതിക്ക് മുമ്പായി ഉപജില്ലാ ജില്ലാതല മത്സരങ്ങൾ പൂർത്തിയാക്കി കുട്ടികളെ സംസ്ഥാന മത്സരങ്ങൾക്ക് സജ്ജരാക്കേണ്ടതാണ്. സബ്ജില്ലാ മത്സരങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ട ഉത്തരവാദിത്വം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ജില്ലാ മത്സരങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ട ഉത്തരവാദിത്വം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കുമായിരിക്കും.

(3) ഉപജില്ലാ മത്സര നടത്തിപ്പിനാവശ്യമായ കായിക അദ്ധ്യാപകരെയും മറ്റ് അദ്ധ്യാപകരെയും/ അനദ്ധ്യാപകരേയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉത്തരവിലൂടെ നിയമിക്കേണ്ടതും, അവർക്ക് റിലീവിംഗ് ഓർഡർ നൽകേണ്ടതുമാണ്. ജില്ലാ മത്സരങ്ങളുടെ നടത്തിപ്പിനാവശ്യമായ കായിക അദ്ധ്യാപകരെയും, മറ്റ് അദ്ധ്യാപകരെയും വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉത്തരവിലൂടെ നിയമിക്കേണ്ടതും, അവർക്ക് റിലീവിംഗ് ഓർഡർ നൽകേണതുമാണ്. ഡ്യൂട്ടി പൂർത്തീകരിച്ചു കഴിഞ്ഞാൽ ടി അദ്ധ്യാപകർക്ക് ഡ്യൂട്ടി സർട്ടിഫിക്കറ്റ് നൽകേണ്ടതും തിരികെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതുമാണ്. ഏതെങ്കിലും വിധത്തിൽ മത്സരങ്ങൾക്ക് തടസ്സം ഉണ്ടാകുന്ന രീതിയിൽ അദ്ധ്യാപകർ പ്രവർത്തിക്കുകയാണെങ്കിൽ അവർക്കെതിരെ കർശന അച്ചടക്ക നടപടി എടുക്കേണ്ടതുമാണ്. വിടുതൽ ചെയ്യുന്ന അദ്ധ്യാപകർ മെഡിക്കൽ ലീവ് നൽകുകയാണെങ്കിൽ, ആയത് മെഡിക്കൽ ബോർഡിന്റെ അംഗീകാരത്തിന് വിടേണ്ടതാണ്.

(4) എല്ലാ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെട്ട സ്പോർട്സ് കോ-ഓർഡിനേറ്റർമാരുടെ സേവനം വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉപയോഗിക്കേണ്ടതാണ്. ഓരോ ജില്ലയിലെയും ഏതെങ്കിലും പ്രൊട്ടക്ടഡ് അദ്ധ്യാപകരെ മത്സര നടത്തിപ്പിന് ഖണ്ഡിക (3) പ്രകാരം നിയോഗിച്ചതിനു ശേഷം അവർ ഇതുമായി സഹകരിക്കുന്നില്ലായെങ്കിൽ അത്തരക്കാരുടെ പേരുവിവരങ്ങൾ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്.

(5) എസ്.എസ്.കെ വഴി നിയമിതരായിട്ടുള്ള കായികാദ്ധ്യാപകരുടെ സേവനം പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതാണ്.

(6) മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിന് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ ബന്ധപ്പെട്ട കായിക അസോസിയേഷന്റെ സേവനം കൂടി ഉപയോഗപ്പെടുത്താവുന്നതാണ്.

(7) ഇനി നടക്കാനുള്ള മത്സരങ്ങളുടെ കലണ്ടർ (ഉപജില്ലാ, ജില്ലാ, ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാനുള്ള തീയതി ഉൾപ്പെടെ) ഉടൻ പ്രസിദ്ധീകരിക്കാനുള്ള നടപടി വിദ്യാഭ്യാസ ഉപഡയറക്ടർമാർ ചെയ്യേണ്ടതാണ്. എല്ലാ വിദ്യാഭ്യാസ ഓഫീസുകളിലെയും സ്പോർട്സ് സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കുമാരും സൂപ്രണ്ടുമാരും ഇക്കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.

(8) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ആർ.ഡി.എസ്.ജി.എ. സെക്രട്ടറിമാർക്കും, എസ്.ഡി.എസ്.ജി.എ. സെക്രട്ടറിമാർക്കും ആവശ്യമായ അഡ്വാൻസ് തുക ഉടനെ നൽകേണ്ടതാണ്.

(9) മത്സരങ്ങളുടെ നടത്തിപ്പിനാവശ്യമായ ഏത് സഹായത്തിനും വിദ്യാഭ്യാസ ഓഫീസർമാർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റുമായി ബന്ധപ്പെടാവുന്നതാണ്. അർഹതയുള്ള ഒരു വിദ്യാർത്ഥിയുടേയും അവസരം നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്തി മത്സരങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർക്കായിരിക്കും. ഇതിനാവശ്യമായ ക്രമീകരണങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ നടത്തേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ.**

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.**

(പകർപ്പ് തങ്ങളുടെ അധികാര പരിധിയിലെ എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും, ആർ.ഡി.എസ്.ജി.എ./ എസ്.ഡി.എസ്.ജി.എ. സെക്രട്ടറിമാർക്കും, പ്രഥമാദ്ധ്യാപകർക്കും ലഭിച്ചു എന്നത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.)